പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: 636 — 31.10.2011-ൽ മറുപടിക്ക്

## ഇലക്ട്രോണിക് ഓഡിറ്റിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച വിവരശേഖരണം, പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്; |
| (ബി) എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) ഈ വിവരശേഖരണത്തിൽ ചുവടെ ചേർത്തിട്ടുള്ള വിവരങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങളാണ് നൽകിയിരിക്കുന്നത്.<br><br>1. അടച്ചുതീർത്ത മൂലധനം<br>2. സർക്കാർ ഷെയറിന്റെ വിവരം<br>3. സഞ്ചിത നഷ്ടമുണ്ടെങ്കിൽ അതിന്റെ വിശദാംശം<br>4. **Fixed Assets** സംബന്ധിച്ചുള്ള വിവരം<br>5. മാനവശേഷിയുടെ വിവരം<br>6. ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ചുള്ള വിവരം.<br>7. 2005-06 മുതൽ 2010-11 വരെയുള്ള കാലയളവിലെ വിറ്റുവരവ്, ലാഭനഷ്ടക്കണക്കുകൾ എന്നിവയുടെ വിവരം, വിൽപന നികുതി, എക്സൈസ് ഡ്യൂട്ടി, ലാഭവിഹിതം എന്നിവ നൽകിയ വിവരം.<br>8.കമ്പനിയുടെ അക്കൗണ്ട്സ് , ആഡിറ്റുകൾ എന്നിവ പൂർത്തീകരിച്ചതിന്റെ വിവരം.<br>9. കമ്പനിയുടെ പ്രവർത്തനങ്ങളിൽ പ്രധാനമായും നേരിടുന്ന പ്രശ്നങ്ങൾ.<br>10. ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, പുതിയ വിപണനമേഖലകൾ, മൂലധന നിക്ഷേപം, മാനേജ്മെന്റ് സംവിധാനം, ഗുണനിലവാരം മെച്ചപ്പെടുത്തൽ, **Inventory** -യുടെ മാനേജ്മെന്റ്, ഊർജ്ജവിനിയോഗം, മലിനീകരണ |

നിയന്ത്രണം, ജീവനക്കാരുടെ ഉൽപ്പാദന ക്ഷമത എന്നീ മേഖലകൾ മെച്ചപ്പെടുത്തുന്നതിനായി കമ്പനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നടപടികൾ എന്നിവയുടെ വിവരം.

11. കമ്പനികളുടെ 2011-12 സാമ്പത്തിക വർഷത്തെ പ്രവർത്തന ബഡ്ജറ്റ് സംബന്ധിച്ച വിവരം.

സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും എല്ലാ സ്ഥാപനങ്ങളും ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നതാണ്. എന്നാൽ ചില വ്യവസായ മേഖലയിൽ നിയന്ത്രണ വിധേയമല്ലാത്ത കാരണങ്ങളാൽ നേരിടുന്ന മാന്ദ്യം മൂലം, പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖല, സ്ഥാപനങ്ങളുടെ പ്രവർത്തനം മോശമാകാനിടയായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാമ്പത്തിക സഹായമുൾപ്പെടെയുള്ള സഹായങ്ങൾ നൽകി പ്രവർത്തനം കൂടുതൽ മോശമാകാതിരിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിക്കാറുണ്ട്. ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 14 കോടിരൂപയുടെ അടിയന്തിര സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റുള്ള സ്ഥാപനങ്ങളിൽ പ്രവർത്തനം ശക്തിപ്പെടുത്തേണ്ട മേഖലകൾ ഏതെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ അതാത് സ്ഥാപനങ്ങളിൽ സ്വീകരിക്കുന്നതാണ്.

| | |
|---|---|
| (സി) സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം ഒരു നയമായി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏകീകരണത്തിന് അനുയോജ്യമായ സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ Keltron Magnetics Limited, Keltron Crystals Limited and Keltron Resistors Limited എന്നീ സ്ഥാപനങ്ങളെ Keltron Component Complex Limited- മായി ലയിപ്പിച്ചിട്ടുണ്ട്. Sitaram Textiles Limited and Trivandrum Spinning Mills Limitd എന്നീ സ്ഥാപനങ്ങളെ Kerala State Textile Corporation Limited- മായി merge ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. സമാന മേഖലയിൽ പ്രവർത്തിക്കുന്ന |

| | |
|---|---|
| | മറ്റുള്ള സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. |
| (ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റ് കാലവിളംബമില്ലാതെ പൂർത്തിയാക്കാൻ സഹായകമായ ഇലക്ട്രോണിക് സംവിധാനം (ഇ.ആർ.പി) ഏർപ്പെടുത്തുന്ന കാര്യത്തിൽ നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ? | (ഡി) കമ്പനികളുടെ മാനേജ്മെൻറ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ഏർപ്പെടുത്തുന്ന ERP സംവിധാനം **Malabar Cements Limited** - ൽ നടപ്പാക്കിയിട്ടുണ്ട്. ERP സംവിധാനത്തിലുള്ള **Financial Accounting, Materials Management, Sales, Plant Maintenance, Production planning, Human Resource** എന്നീ പ്രധാന മൊഡ്യൂളുകളാണ് MCL- ൽ നടപ്പിലാക്കിയിരിക്കുന്നത്. ഇതിനുവേണ്ടി MCL- ൽ ഏർപ്പെടുത്തിയിട്ടുള്ള server ഉപയോഗിച്ച് മറ്റുള്ള സ്ഥാപനങ്ങൾക്കാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. വിവിധ മൊഡ്യൂളുകൾ നടപ്പിലാക്കുന്നത് സാമ്പത്തികമായി കുറച്ച് ചെലവേറിയതാണ്. മിക്ക സ്ഥാപനങ്ങൾക്കും ഈ ചെലവ് ഒറ്റയ്ക്ക് വഹിക്കുവാൻ സാധിക്കുന്നതല്ല. ആയതിനാൽ ഓരോ സ്ഥാപനത്തിൻെറയും പ്രവർത്തനത്തിൻെറ അടിസ്ഥാനത്തിലുള്ള ആവശ്യങ്ങൾ പരിശോധിച്ച് സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് അത്യാവശ്യം വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ